രക്ഷയുടെ പാതയിൽ-3



3

# ജീവദാതാവായ ദൈവം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം




1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 1

# ജീവൻ നൽകുന്ന ദൈവം






ദൈവം ആദ്യം ആകാശവും ഭൂമിയും സൃഷ്ടിച്ചു. പിന്നീട് എല്ലാ ജീവജാലങ്ങളെയും സൃഷ്ടിച്ചു.

**ദൈവമായ കർത്താവ് ഭൂമിയിലെ പൂഴി ഉപയോഗിച് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായി തീർന്നു.** (ഉൽപത്തി 2:7)





സ്നേഹത്തിൽ വളരാനും
ലോകത്തിൽ നന്മകൾ ചെയ്ത് ജീവിക്കാനും
അങ്ങനെ സ്വർഗ്ഗം പ്രാപിക്കാനുമാണ് ദൈവം നമുക്ക്
ജീവൻ തന്നിരിക്കുന്നത്.



ആദ്യമനുഷ്യരായ ആദത്തെയും ഹവ്വായെയും ദൈവം ഏദൻതോട്ടത്തിൽ പാർപ്പിച്ചു . അവിടെ പലതരം ചെടികളും വൃക്ഷങ്ങളും വളർന്നിരുന്നു. പലവിധത്തിലുള്ള പക്ഷികളും മൃഗങ്ങളും മറ്റു ജീവജാലങ്ങളും ഏദൻതോട്ടത്തിൽ ഉായിരുന്നു. വൃക്ഷത്തിലെ പഴങ്ങൾ ഭക്ഷിച്ചും പക്ഷികളുടെ പാട്ടുകേട്ടും ആദവും ഹവ്വായും സന്തോഷത്തോടെ ഏദൻതോട്ടത്തിൽ വസിച്ചു.



ഏദൻതോട്ടം എത്രമനോഹരമായിരുന്നു അല്ലേ?

ആദവും ഹവ്വായും അവിടെ സ്നേഹത്തോടെ ജീവിച്ചു. അവർ ദൈവത്തോടൊപ്പം സന്തോഷത്തോടെ കഴിഞ്ഞു. ദൈവത്തോടുകൂടെ കഴിയുന്നതാണ് മനുഷ്യന്റെ വലിയ സന്തോഷം. നമ്മൾ എപ്പോഴും ഈ സന്തോഷത്തിൽ ജീവിക്കണമെന്നതാണ് ദൈവത്തിന്റെ ആഗ്രഹം.

**ദൈവത്തോടു കൂടെയാണ് നാം ജീവിക്കുന്നതെങ്കിൽ**

**നമുക്ക് ജീവൻ ലഭിക്കും**

**നമുക്ക് സന്തോഷം ലഭിക്കും**

# നമുക്കു പ്രാർത്ഥിക്കാം

എനിക്ക് ജീവൻ നല്കിയ ദൈവമേ,

ഞാൻ അങ്ങയെ സ്തുതിക്കുന്നു.

അങ്ങേക്ക് നന്ദി പറയുന്നു.

അങ്ങയോടൊത്തു ജീവിക്കുവാൻ

എന്നെ സഹായിക്കണമേ.





## നമുക്കു പാടാം

നിനക്കു ജീവൻ നൽകിയതാര്?

എനിക്ക് ജീവൻ ദൈവം നൽകി

നിനക്കു രൂപം നൽകിയതാര്?

എനിക്ക് രൂപം ദൈവം നൽകി

നിനക്ക് സ്നേഹം നല്കിയതാര്?

എനിക്ക് സ്നേഹം ദൈവം നൽകി

നിനക്കിതെല്ലാം നൽകിയതാര്?

എനിക്കിതെല്ലാം ദൈവം നൽകി.

Thank you